ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 06.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) വിനോദസഞ്ചാര മേഖലയുടെ വികസനത്തിലൂടെ രാജ്യത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   Tourism development in India will create more employment opportunities among the youth, says PM Modi while addressing a public gathering at Harsil in Uttarkashi.

2) പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രമിൻറെ ദക്ഷിണ മേഖലാ അവലോകന യോഗം കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രി കിരൺ റിജിജു ഉദ്ഘാടനം ചെയ്തു. പദ്ധതി നടത്തിപ്പിൽ കേരള സർക്കാർ മികച്ച പിന്തുണ നൽകുന്നതായി കേന്ദ്രമന്ത്രി.

   Union Minister Kiren Rijiju inaugurated the Southern Regional Review Meeting and Training Workshop on the Pradhan Mantri Jan Vikas Karyakram (PMJVK) in Thiruvananthapuram today.

3) ഡോണൾഡ് ട്രംപ് ഭരണകൂടം ഇന്ത്യൻ താൽപര്യങ്ങൾക്ക് അനുയോജ്യമായ രീതിയിലാണ് മുന്നോട്ട് നീങ്ങുന്നതെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ.

   Trump administration in US is moving towards multipolarity which suits India's interests: EAM Jaishankar.

4) ഖേലോ ഇന്ത്യ പാരാ ഗെയിംസ് രണ്ടാം പതിപ്പ് ഈ മാസം 20 മുതൽ 27 വരെ ന്യൂഡൽഹിയിൽ.

Khelo India Para Games 2025 to be held in New Delhi from March 20-27.

5) ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് ,പഞ്ചാബ് എഫ്സിയെ നേരിടും

In Indian Super League Football, Hyderabad FC will clash against Punjab FC today.

**********************

## REV DAY PM UTTARAKHAND (INTRO)

രാജ്യത്തെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് കേന്ദ്ര സർക്കാർ പ്രത്യേക ശ്രദ്ധ നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഉത്തരാഖണ്ഡിൽ പൊതു സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനായി കേന്ദ്ര ബജറ്റിൽ ഇത്തവണ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. രാജ്യത്തെ യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാൻ ഇതിലൂടെ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ് )

ഉത്തരാഖണ്ഡിൽ ശൈത്യകാല വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. ഹർഷിലിൽ നടക്കുന്ന ട്രെക്ക്-ബൈക്ക് റാലികളുടെ ഫ്ളാഗ്ഓഫും പ്രധാനമന്ത്രി നിർവഹിച്ചു. മുഖ് വായിലെ ഗംഗ ദേവി ആരാധനാലയത്തിലും അദ്ദേഹം ദർശനം നടത്തി.

**********************

## Kiran Rijiju (INTRO)

പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രമ് പദ്ധതി നടപ്പാക്കുന്നതിൽ കേരള സർക്കാർ മികച്ച പിന്തുണ നൽകുന്നതായി കേന്ദ്ര ന്യൂനപക്ഷ കാര്യമന്ത്രി കിരൺ

റിജിജു. പദ്ധതി നടത്തിപ്പിൽ കേന്ദ്രം പൂർണ പിന്തുണ നൽകുമെന്നും അദ്ദേഹം തിരുവനന്തപുത്ത് പറഞ്ഞു. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിൻ്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ PMJVK യുടെ ദക്ഷിണ മേഖലാ അവലോകന യോഗവും, പരിശീലന ശിൽപ്പശാലയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വളരെയേറെ പ്രാധാന്യം നൽകുന്ന സംസ്ഥാനമാണ് കേരളമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, സംസ്ഥാന ന്യൂനപക്ഷ കാര്യ മന്ത്രി വി അബ്ദു റഹിമാൻ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. ഒരു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് രാവിലെയാണ് ശ്രീ കിരൺ റിജിജു തിരുവനന്തപുരത്ത് എത്തിയത്.

*********************

## Cabinet

ദേശീയ കന്നുകാലി ആരോഗ്യ, രോഗപ്രതിരോധ പദ്ധതി 3,880 കോടി രൂപാ ചെലവിൽ പരിഷ്കരിക്കാൻ ഇന്നലെ ചേർന്ന കേന്ദ്രമന്ത്രിസഭായോഗം തീരുമാനിച്ചു. കുറഞ്ഞ ചെലവിൽ ജെനറിക് വെറ്ററിനറി മരുന്നുകൾ ഉറപ്പു വരുത്തുന്ന പശു ഔഷധി സംരംഭം കൂടി പദ്ധതിയിൽ ഉൾപ്പെടുത്തും. 4,000 കോടി രൂപാ ചെലവിൽ സോൻപ്രയാഗ്-കേദാർനാഥ് റോപ്-വേയും, 730 കോടി രൂപ ചെലവിൽ ഹേംകുണ്ഡ് സാഹിബ് റോപ്-വേയും വികസിപ്പിക്കുന്നതിനും, കേന്ദ്ര മന്ത്രിസഭ അനുമതി നൽകി.

*********************

## JAISHANKAR – TRUMP (INTRO)

അമേരിക്കയിലെ ഡോണൾഡ് ട്രംപ് ഭരണകൂടം ഇന്ത്യൻ താൽപ്പര്യങ്ങൾക്ക് അനുയോജ്യമായ നിലയ്ക്കാണ് മുന്നോട്ട്

നീങ്ങുന്നതെന്ന് വിദേശകാര്യ മന്ത്രി എസ് ജയ് ശങ്കർ. ട്രംപിൻറെ കീഴിൽ അമേരിക്കയുടെ വിദേശനയ മാറ്റം പ്രതീക്ഷിച്ചിരുന്നതാണെന്നും, ഇത് ഇന്ത്യയ്ക്ക് പല തരത്തിൽ അനുയോജ്യമാണെന്നും അദ്ദേഹം പറഞ്ഞു. യു.കെ-അയർലൻഡ് സന്ദർശനത്തിനിടെ., ലണ്ടനിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു വിദേശകാര്യ മന്ത്രി.

(ഹോൾഡ്)

ഇറക്കുമതി തീരുവ വിഷയത്തിൽ ഉഭയകക്ഷി വ്യാപാര ഉടമ്പടി ചർച്ച ചെയ്യുന്നതിനായി കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ വാഷിംഗ്ടണിൽ തുടരുകയാണെന്നും അദ്ദേഹം പറഞ്ഞു.

**********************

## Ashwini-electronics

ആഗോള ഇലക്ട്രോണിക്സ് മേഖലയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുന്നതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് . സോഫ്റ്റ്‌വെയർ മേഖലയിൽ എന്നപോലെ ഹാർഡ്‌വെയർ നിർമ്മാണത്തിലും രാജ്യം അതിവേഗം മുന്നേറുകയാണെന്ന് ഒരു ദേശീയ ദിനപത്രത്തിൽ എഴുതിയ ലേഖനത്തിൽ മന്ത്രി പറഞ്ഞു. എഐ ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകൾ തദ്ദേശീയമായി വികസിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

## VP-MUMBAI VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് മഹാരാഷ്ട്ര സന്ദർശിക്കും. മുംബൈയിൽ നടക്കുന്ന മുരളി ദിയോറ മെമ്മോറിയൽ ഡയലോഗിൻറെ ഉദ്ഘാടന പതിപ്പിൽ അദ്ദേഹം മുഖ്യ അതിഥിയാകും.

**********************

## Cadaver dogs

തെലങ്കാന ടണൽ ദുരന്തത്തിൽ രക്ഷാപ്രവർത്തനത്തിനായി കേരള പോലീസിൻറെ രണ്ട് കഡാവർ നായകളെ അയച്ചു..

ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ ആവശ്യപ്രകാരമാണ് നടപടി.

*********************

## MK Stalin

ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിൽ, കേന്ദ്രത്തിനെതിരെ വിമർശനം തുടർന്ന് തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ. ഇതിലൂടെ മുന്നോട്ടു വയ്ക്കുന്ന ത്രിഭാഷാ നയം, ഭാഷാപരമായ അടിച്ചേൽപ്പിക്കലാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ഭാഷാപരമായ തുല്യതയാണ് തമിഴ്നാട് സർക്കാർ ആവശ്യപ്പെടുന്നതെന്നും ശ്രീ എം.കെ സ്റ്റാലിൻ പറഞ്ഞു.

*********************

## Terrorist UP

ബബ്ബർ ഖൽസ ഇന്റർനാഷണലിൽ ഉൾപ്പെട്ട ഖാലിസ്ഥാൻ ഭീകരനെ ഉത്തർപ്രദേശിൽ അറസ്റ്റ് ചെയ്തു. അമൃത്സർ സ്വദേശി ലജർ മാസിയെ ആണ്, യുപി എസ്ടിഎഫും പഞ്ചാബ് പോലീസും സംയുക്തമായി നടത്തിയ ഓപ്പറേഷനിൽ അറസ്റ്റ് ചെയ്തത്. ബബ്ബർ ഖൽസയ്ക്ക് ജർമനിയിൽ നേതൃത്വം നൽകുന്ന സ്വരൺ സിങ്ങുമായി അടുത്ത ബന്ധം പുലർത്തുന്ന ഇയാൾക്ക് പാക് I S I യുമായും അടുപ്പമുണ്ടെന്ന് കരുതുന്നു. സ്ഫോടക വസ്തുക്കളും ആയുധങ്ങളും ഭീകരനിൽ നിന്നും പിടിച്ചെടുത്തിട്ടുണ്ട്.

*********************

## KHELO INDIA PARA GAMES

ഖേലോ ഇന്ത്യ പാരാ ഗെയിംസ് രണ്ടാം പതിപ്പ് ഈ മാസം 20 മുതൽ 27 വരെ ന്യൂഡൽഹിയിൽ നടക്കുമെന്ന് കേന്ദ്ര കായിക മന്ത്രി മൻസൂഖ് മാണ്ഡവ്യ. പാരീസ് പാരാലിമ്പിക്സിലെയും, ഏഷ്യൻ പാരാ ഗെയിംസിലെയും മെഡൽ ജേതാക്കൾ ഉൾപ്പെടെ 1,230 പാരാ അത്‌ലറ്റുകൾ ഗെയിംസിൽ മത്സരിക്കും.

*********************

## ISL FOOTBALL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് ,പഞ്ചാബ് എഫ്സിയെ നേരിടും. രാത്രി 7.30 ന് ഹൈദരാബാദിലാണ് മത്സരം.

*********************

## CHAMPIONS TROPHY

ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് കിരീട പോരാട്ടത്തിൽ ഇന്ത്യ ന്യൂസിലൻഡിനെ നേരിടും. ഇന്നലെ നടന്ന രണ്ടാം സെമിയിൽ ദക്ഷിണാഫ്രിക്കയെ 50 റൺസിന് തോൽപ്പിച്ചാണ് കിവീസ് ഫൈനൽ യോഗ്യത നേടിയത്. ഞായറാഴ്ച ഉച്ചയ്ക്ക് 2.30 ന് ദുബായിലാണ് ഫൈനൽ മത്സരം.

*********************

## MUSHFIGUR-RETIREMENT

ബംഗ്ലാദേശ് ക്രിക്കറ്റ് താരം മുഷ്ഫിഖുർ റഹീം ഏകദിന ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു. ടെസ്റ്റ് ക്രിക്കറ്റിൽ കളിക്കുന്നത് തുടരുമെന്നും അദ്ദേഹം അറിയിച്ചു. വിക്കറ്റ് കീപ്പറും, ബാറ്ററുമായ മുഷ്ഫിഖുർ ബംഗ്ലാദേശിനായി 274 ഏകദിനങ്ങൾ കളിച്ചിട്ടുണ്ട്. ഏകദിനങ്ങളിൽ ബംഗ്ലാദേശിനായി ഏറ്റവുമധികം റൺസ് നേടിയ താരവും മുഷ്ഫിഖുർ റഹീമാണ്.

*********************

## Ukraine

യുക്രെന്, ഇൻറലിജൻസ് വിവരങ്ങൾ കൈമാറുന്നത് അമേരിക്ക നിർത്തി വച്ചു. സൈനിക സഹായം അവസാനിപ്പിച്ചതിന് പിന്നാലെയാണ് ഈ നടപടി. റഷ്യ-യുക്രെൻ സംഘർഷം അവസാനിപ്പിക്കുന്നതിൽ അമേരിക്കയുമായി സഹകരിക്കാൻ യുക്രെനു മേൽ സമ്മർദ്ദം ചെലുത്തുകയാണ് ട്രംപ് ഭരണകൂടം ഇതിലൂടെ ഉദ്ദേശിക്കുന്നത്.

*********************

## DAY TRUMP-CANADA TARIFF HIKE

അമേരിക്ക ചുമത്തിയ അധിക തീരുവ ഒഴിവാക്കാൻ കാനഡ മതിയായ രീതിയിൽ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയോട് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. കാനഡയ്ക്കും, മെക്സിക്കോയ്ക്കും ഏർപ്പെടുത്തിയ 25 ശതമാനം അധിക തീരുവ ചൊവാഴ്ച മുതൽ പ്രാബല്യത്തിൽ വന്നിരുന്നു . ചൈനയിൽ നിന്നുള്ള ഇറക്കുമതിക്ക് 20 ശതമാനം തീരുവയാണ് യുഎസ് അധികമായി ഏർപ്പെടുത്തിയത് . അനധികൃത കുടിയേറ്റവും, മയക്കുമരുന്നു കടത്തും തടയുന്നില്ല എന്നതാണ് ഈ രാജ്യങ്ങൾക്കെതിരെ ട്രംപ് ഉയർത്തുന്ന ആരോപണം. അമേരിക്കൻ ഉത്പന്നങ്ങൾക്ക് വലിയ തോതിൽ തീരുവ ഈടാക്കുന്ന ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾക്കെതിരെ എതിർ തീരുവ ഏർപ്പെടുത്തുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

*********************

## US-STUDENT SHOT DEAD

അമേരിക്കയിലെ , വിസ്കോൺസിനിൽ ഇന്ത്യൻ വിദ്യാർത്ഥി വെടിയേറ്റ് മരിച്ചു. തെലങ്കാന സ്വദേശി പ്രവീണാണ് അജ്ഞാതരുടെ വെടിയേറ്റ് മരിച്ചത്. സംഭവത്തെ കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭിച്ചിട്ടില്ലെന്ന് കുടുംബാംഗങ്ങൾ അറിയിച്ചു.

*********************

## Pakistan- explosion

പാകിസ്ഥാനിലെ ബലൂചിസ്ഥാൻ പ്രവിശ്യയിലെ മാർക്കറ്റിൽ ഇന്നലെ ഉണ്ടായ സ്ഫോടനത്തിൽ നാല് പേർ കൊല്ലപ്പെടുകയും അഞ്ച് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. മോട്ടോർ സൈക്കിളിൽ ഘടിപ്പിച്ചിരുന്ന സ്ഫോടകവസ്തുവാണ് പൊട്ടിത്തെറിച്ചത്.

*********************

## SENSEX + Gold

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം .സെൻസെക്സ് 258 പോയിന്റ് ഉയർന്ന് 73,988 ലും  നിഫ്റ്റി 97 പോയിന്റ് ഉയർന്ന് 22,435 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ്ണവില കുറഞ്ഞു . ഗ്രാമിന് 45 രൂപ കുറഞ്ഞു 8,020 രൂപയും പവന് 360 രൂപ കുറഞ്ഞു  64,160 രൂപയുമാണ് ഇന്നത്തെ വില.

**********************

******************

*****